നാലാപ്പാടും ഹാസ സാഹിത്യവും

സി. കെ മൂസത്

നമ്മുടെ ഭാഷയിൽ ഹാസസാഹിത്യത്തിനു രണ്ടു മുഖങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഒന്നു ഹാസ്യനുകരണം, മറ്റതു ആക്ഷേപഹാസ്യം. വള്ളത്തോളിന്റെ പ്രസിദ്ധ ശ്ലോകത്തിനു സഞ്ജയൻ മാസികയിൽ ഒരു ഹാസ്യാനുകരണം വന്നതു പലർക്കും ഓർമ്മയുണ്ടായിരിക്കും.

സബ്ജക്ട് കൺട്രോം പറയുന്നതോ സ്ത്രീ
ശബ്ദം സുവീണാകണിതം മനോജ്ഞം
വയസ്സു പത്തൊമ്പതിനിപ്പുറത്താ-
ണാഗ്രഹിക്കുകൂടാ നിനിയെന്തുവേണം.

ശീവൊള്ളിയുടെ ദാത്യുഹസനശ്ലോം തുടങ്ങി ഏതാനും കൃതികൾ ഹാസ്യാനുകരണങ്ങളായിട്ടുണ്ട്. മറ്റൊന്നുള്ളത് ആക്ഷേപഹാസ്യമാണ്. അതെപ്പറ്റിയാണ് സഞ്ജയൻ പറഞ്ഞത്.

പരിഹാസ പുതുപനീർച്ചെടിർക്കെടോ
ചിരിയത്രേ പുഷ്പം ശകാരംമുള്ളതാൻ.

ഷേക്സ്പിയർ നാടകങ്ങളെ സംഗ്രഹിച്ചു പല വികൃത രൂപത്തിൽ അവതരിപ്പിക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ട് വിലാപവിംശതി എന്നൊരു പദ്യം പഴയ ഭാഷാപോഷിണി ലക്കത്തിൽ കണ്ടിട്ടുണ്ട്. (1072 കുംഭം ലക്കം)

ഒരു തുണയു മിവർക്കില്ലെന്നുറച്ചന്നുലാംബെ
ന്നൊരുവിരുതനടുത്തീഞങ്ങളേ മങ്ങിടാതെ
കരമൊടുചരണം മൂക്കേവമാംഗങ്ങളെല്ലാം
വിരവിനൊടു മുറിച്ചിങ്ങേറെ വൈരൂപ്യമേകി

ഇംഗ്ലീഷ് നാടകങ്ങളും വിലപിക്കുന്നതായിട്ടുള്ള ഇരുപതു ശ്ലോകങ്ങളിൽ ഒന്നാണിതു. പദ്യവിഭാഗത്തിൽ ഈ ശാഖ അധികം വളർന്നില്ല. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഇ. വി. കൃഷ്ണപിള്ള, പുത്തേഴത്തു രാമൻമേനോൻ. സഞ്ജയൻ അങ്ങിനെ പലരും ഹാസസാഹിത്യത്തിനു ഗണ്യമായ സംഭാവനചെയ്തവരായുണ്ട്. എന്നാൽ ഗദ്യരചനയായാലും പദ്യമായാലും സാമാന്യം ഗൗരവമായി കാര്യങ്ങൾ കാണുകയും അവതരിപ്പിക്കുകയും ചെയ്യുന്ന ഒരു ദാർശനിക കവിയെന്ന നിലയിലാണ് നാലാപ്പാട് നാരായണമേനോനെ ഞാൻ കാണുന്നത്. പക്ഷെ ആർഷജ്ഞാനത്തോടൊപ്പം രതി സാമ്രാജ്യവും അദ്ദേഹത്തിനു ഹൃദ്യമാണ്. അതുപോലെ ചെറിയകാര്യങ്ങൾ പറയുമ്പോഴും ചക്രവാളത്തിനപ്പുറം വ്യാപിച്ചു കിടക്കുന്ന വൈജ്ഞാനിക മണ്ഡലങ്ങളെ ആനുഷംഗികമായി ആശ്ലേഷസ്പർശനം നടത്താനും കവിയ്ക്കു ഒരു പ്രത്യേക കഴിവുണ്ടായിരുന്നു.

(P. T. O.)

ഒരനുഭവം പറയട്ടെ. സാഹിത്യ അക്കാദമി മുൻ അദ്ധ്യക്ഷൻ പി. സി. കുട്ടി കൃഷ്ണൻ തിരുവനന്തപുരത്തു എന്റെ വസതിയിൽ വന്നപ്പോഴം നേരംപോക്കായി എന്റെ ശ്രീനഗരശേഖരത്തിലെ ഒരു പഴയ കവന കൗമുദി ലക്കം ഞാൻ കാട്ടിക്കൊടുത്തു. 1097 ചിങ്ങം കന്നിലക്കത്തിലെ മംഗളം കുണ്ടൂർ നാരായണമേനോന്റെതു്: ആദ്യപദ്യം നാലാപ്പാടു് നാരായണമേനോന്റെ പ്രാണനു പ്രാണൻ' എന്ന മജ്ഞരി പദ്യം. തൊട്ടടുത്തതോ വള്ളത്തോളം നാരായണമേനോന്റെ കാറ്റിൽ പറന്ന കവിത, പി. സി. നാലാപ്പാടിന്റെ പദ്യമൊന്നു നീട്ടിചൊല്ലി.

എൻ കൊച്ചു കൈപ്പിടിക്കുള്ളിലടങ്ങുമി-
ത്തങ്കക്കുടത്തെ ബ്രഹ്മാണ്ഡമാക്കി
വീണ്ടുമെൻ കയ്യിലൊതുക്കിത്തരുന്നു, ഹാ
നീണ്ടുനിൽക്കുന്ന നിന്നിനപ്രജാലം
ഇമ്മറനീങ്ങിയൊന്നങ്ങയെക്കാണ്മനോ
നിർമ്മലനിസ്തുല പ്രേമമേ, ഞാൻ

എന്നതാണു തുടക്ക വരികളം. അവസാനത്തെ രണ്ടു ഈരടികളം ഇങ്ങിനെയും.

രാവും പകലുമാം ശ്വാസനിശ്വാസങ്ങൾ
താവുമിപ്പാരിൽ ഞാൻ ചെയ്വതെല്ലാം
പ്രാണനും പ്രാണനാഥങ്ങയ്ക്കു പൂജന-
മാണെന്നനുഭവം തോന്നാവൂമേ

ഗൗരവപ്പെട്ട കാര്യങ്ങളം പറയുന്നിടത്തു വലിയ കണിശക്കാരനായി നാലാപ്പാടിനെ അതിനുമുമ്പുതന്നെ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. എഡ്വിൻ ആർനോൾഡിന്റെ Light of Asia എന്ന പുസ്തകം പൗരസ്ത്യ ദീപം എന്ന പേരിൽ നാലാപ്പാടു് വിവർത്തനം ചെയ്തിട്ടുണ്ടല്ലോ. ഗൗതമൻ തന്റെ വിദ്യാഭ്യാസം തൃപ്തികരമായെന്നു കാണിക്കുവാൻ നീളമളവിന്റെ അത്ഭുതരഹസ്യം ഗുരുനാഥനോടു പറഞ്ഞുകൊടുക്കുന്നു. അവിടെ പരമാണുവെ കൈവിരലായി ബന്ധപ്പെടുത്തുന്ന ഒരു ഭാഗമുണ്ടു്.

'' പരമാണുക്കളം പത്തെണ്ണം കൂടിയാൽ പരസൂക്ഷ്മമായ്
അതു പത്തെണ്ണമൊന്നിച്ചു ചേർന്നാകിൽ ത്രസരേണുവാം
ത്രസരേണുക്കളേഴൊത്തുകൂടിയാൽ സൂര്യരശ്മിയിൽ
നീന്തിക്കളിച്ചിടുന്നൊറ്റപ്പൊടി തന്നുടെ നീളമാം
പൊടിയേ,ഴെലിതന്നൊറ്റത്താടിമീശത്തലപ്പുതാൻ
അതുപത്തെണ്ണമേലിഖ്യം; പത്തുലിഖ്യങ്ങളം യൂകമാം
പത്തുയൂകങ്ങളാണൊറ്റയവ ധാന്യത്തിനുള്ള രീ
അതേഴൊന്നിച്ചു ചേർന്നാകിൽ വേട്ടാളന്റെ കടിസ്ഥലം
അതേയാകുന്നുമുത്താറി, യവ്വണ്ണംസർഷപം യവം
യവം പത്തെണ്ണമൊന്നിച്ചാൽ കൈവിരൽ സനധിനീളമാം

അതായതു പരമാണുവെ രണ്ടുതവണ പത്തുകൊണ്ടു ഗുണിക്കുക; അതിനെ 7 കൊണ്ടു് രണ്ടുതവണ ഗുണിക്കുക., പിന്നെ പത്തുകൊണ്ടു മൂന്നു തവണ., പിന്നെ 7 കൊണ്ടും 10കൊണ്ടും ഓരോതവണ ഗുണിക്കുകയേ വേണ്ടൂ. കൈവിരൽ സനധിനീളമാകുമത്രേ.

$10^2 \times 7^2 \times 10^3 \times 7 \times 10$ പരമാണു = ഇഞ്ചു്
$10^6 \times 7^3$ പരമാണു = 1ഇഞ്ചു് 2.54 സെ. മീ
$10^6 \times 343$ പരമാണു = 2.54സെ മീ
പരമാണു = $.73 \times 10^{-8}$ സെ. മീ

ആധുനിക ഭൗതികമനുസരിച്ചു അണുവിന്റെ വ്യാസം 10^{-8} സെ. മീ. ആകുന്നു. ഈ സത്യം ബുദ്ധനു ഗുരുനാഥനു പറഞ്ഞുകൊടുക്കാൻ കഴിഞ്ഞു എന്നതു എന്നെ അത്ഭുതപ്പെടുത്താതിരുന്നില്ല.

കണ്ണുനീർതുള്ളിയിലെ പ്രഥമപദ്യം തന്നെ മതി നമ്മിൽ പലരെയും മുട്ടുകുത്തിക്കാൻ. അനൽപമായ അർത്ഥതലങ്ങളിലേയ്ക്കു നമ്മെ ചുഴററിവിടാൻ ഉതകുന്ന അൽപതമമായ പദാവലിയിൽ നിബദ്ധമായ ശ്ലോകം. ~~അതിലെ~~ ഗൗരവം പിടിച്ച കാര്യങ്ങളെ പ്രതിപാദിക്കുന്ന കവിയുടെ ഒട്ടുഭിന്നമായ രണ്ടു കൃതികളിലേയ്ക്കു നിങ്ങളുടെ ശ്രദ്ധ കൃഷ്ണനിക്കുക എന്ന പരിമിത ലക്ഷ്യമേ എന്റെ ഇന്നത്തെ പ്രബന്ധത്തിനുള്ളു. പുകയില മാഹാത്മ്യം ദൈവഗതി എന്നിവയിൽ ആദ്യത്തേത് നർമ്മരീതിയിൽ സാഹിത്യവിമർശനവും രണ്ടാമത്തേതു സാമൂഹ്യ വിമർശനവും സാധിക്കുന്ന തരത്തിലാണ്. ഈശ്വരതുല്യരായ കഥാപാത്രങ്ങളെ ഉരുക്കൊള്ളിച്ചു സ്ഥലപുരാണങ്ങൾ കിളിപ്പാട്ടു രീതിയിൽ എഴുതി ജനങ്ങളെ കബളിപ്പിക്കുന്നതിനെതിരായിട്ടാണു പുകയില മാഹാത്മ്യം രചിക്കപ്പെട്ടത്. ക്ഷേത്ര നടത്തിപ്പിലെ അഴിമതികൾക്കു കനത്ത ഈശ്വരശിക്ഷയുണ്ടാകും എന്നുകാട്ടുന്ന കൃതിയാണു ദൈവഗതി. ഒന്നു കിളിപ്പാട്ടാണെങ്കിൽ മറ്റതു തുള്ളൽപ്പാട്ട്.

പുകയില മാഹാത്മ്യം എന്ന കൃതിയുടെ ബീജം നാലാപ്പാടിന്റെ ലോകം എന്ന അന്യാപദേശ ശ്ലോക സമാഹാരത്തിൽ കിടപ്പുണ്ട്. ഭാവിയിൽ ദോഷകരമായാലും തൽക്കാലം സുഖം നൽകുന്ന വസ്തുവിനെയാണു നവീനലോകം ആദരിച്ചുകാണുന്നതെന്ന വസ്തുത തുളസിയിലയേയും പുകയിലയേയും മുൻനിർത്തി കവി പറയുന്നു.

നീയിമ്മട്ടൈഹികാ മുഷ്മികസുഖമെവനും
നൽകി നാരായണങ്കൽ
പ്പോയിച്ചേരാനുയിർക്കൊള്ളുകിൻ മൃദു തുളസീ
പത്രമേ, നിന്നെയിപ്പോം
പേയില്ലാതാർകരേററും തലയിൽ വെറുതെ വ
ന്നേറിയാരോഗ്യ ഭാഗ്യ-
ശ്രീയിൽ ദോഷം വരുത്തും പുകയിലയെയിതാ
കാൺകലോകം ഭജിപ്പൂ!

തുളസിപ്പൂവു തലയിൽ ചൂടുക എന്നതു സാധാരണമല്ലാതായി. ഇന്നു എല്ലാവരും പുകയിലയെയാണു ആദരിക്കുന്നതു എന്നു വ്യാഖ്യാനമായി ശ്രീ കുട്ടികൃഷ്ണമാരാർ എഴുതി ചേർത്തിട്ടുണ്ട്. ഈ അന്യാപദേശശ്ലോകം വന്ന 1089 മേടംലക്കം കവനകൗമുദിയിൽ മംഗളം വള്ളത്തോളിന്റെതാണു; മാടരാജ്യ വൈരാഗ്യം എന്ന കൃതിയും അതേലക്കത്തിൽ കാണുന്നു.

ജ്ഞാനാന്ധ്യന്നും, ജഡന്നും കുതുകഭരമൊരേ
മട്ടിലുംചേർത്തുകൊണ്ടും
സ്ഥാനാർഹോദ്യൽ പദാർത്ഥപ്പൊലിമതടവിയും
സർഗവൈചിത്ര്യമൊത്തും
നാനാഭാവം നിറഞ്ഞും വിലസുമൊരു മഹാ
കാവ്യമാമീപ്രപഞ്ചം
താനായ് നിർമ്മിച്ച സാകൂതാൽ പ്രഥമകവി ശുഭം
കൗമുദിക്കേകിടട്ടേ!

ഗുരുവും ശിഷ്യനും എന്നപോലെയാണു വള്ളത്തോളും നാലാപ്പാടും ആദ്യകാലത്തു പെരുമാറിയിരുന്നത്. നാലാപ്പാട്ടിന്റെതായ നാലു ജീവചരിത്ര രചനകളിൽ വള്ളത്തോൾ പെടുന്നു അതിനു ഗുരുസന്നിധി എന്നാണു ബാലാമണിഅമ്മ പേരുകൊടുത്തത്. കാരണം വള്ളത്തോളിനെ ഉത്തമ ഗുരുവായിട്ടാണു നാലാപ്പാടും കുടുംബവും കരുതിപ്പോന്നത്. നാലാപ്പാടിന്റെ മുൻപറഞ്ഞ പൗരസ്ത്യദീപം വള്ളത്തോളിനു സമർപ്പിച്ചിരുന്നു. വള്ളത്തോളിന്റെ സ്വപ്നവാസവദത്തം എന്ന നാടകത്തിലെ ശ്ലോകങ്ങളെല്ലാം മനസ്സിൽ തർജമചെയ്തുവെച്ചുവെന്നും ആറുമാസം കഴിഞ്ഞു നാലാപ്പാട് വന്നപ്പോഴേ അതു കടലാസ്സിലേക്കു പകർത്തി അദ്ദേഹത്തിന്റെ ടിപ്പണിയോടുകൂടി പ്രസിദ്ധീകരിക്കുകയാണുണ്ടായതുഎന്നും വള്ളത്തോൾ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല കൂപ്പുകൈഎന്ന ബാലാമണിഅമ്മയുടെ കൃതിക്കു വള്ളത്തോൾ എഴുതിയ അവതാരികയിൽ ഇങ്ങിനെ കാണുന്നു. ''പുലർകാലത്തു പൂവൻ കോഴിയുടെ കണ്ഠനാളത്തിൽനിന്നു പുറപ്പെടുന്ന നീളൻകൂവലാണ് പനിനീർപ്പൂവിനെ വികസിപ്പിക്കുന്നതെന്ന്, ആ സുജാതമായ പുഷ്പം വിചാരിക്കുമാറുണ്ടോ, ആവോ! ഉണ്ടെങ്കിൽ അതുപോലെയാണു നവനവോല്ലേഖകനായ നാലാപ്പാട് നാരായണമേനോനവർകൾ എന്നെ ഗുരുനാഥനായി ഗണിച്ചുപോരുന്നത്. കണ്ണുനീർതുള്ളി നിർമ്മാതാവിന്റെ ആ മിഥ്യാസങ്കൽപ്പം അദ്ദേഹത്തിന്റെ ഭാഗിനേയിയായ ഈ കവയിത്രിയുടെ ഹൃദയത്തിലുംപകർന്നിരിക്കുന്നു; അതേ, ഈ വിദുഷിയും, എന്നെ ഉത്തമ ഗുരൊ എന്നു വിളിച്ചുകളയുന്നു. വിളികേൾക്കുകയല്ലാതെ, സ്നേഹപരതന്ത്രനായ ഞാൻ എന്തുചെയ്യേണ്ടൂ '.

നാലാപ്പാടിന്റെ പുകയിലമാഹാത്മ്യം അവതരിപ്പിക്കുന്നതും വള്ളത്തോളാണു. (10_7 10-90നു തൃശൂരിൽനിന്നു) കൊട്ടാരം മുതൽ കുടിൽവരെ എല്ലായിടത്തേയും ഒരുപോലെ ആക്രമിച്ചിരിക്കുന്ന ഒരു സാധനമാണു പുകയില. ഇതിന്റെ ഉപയോഗം ആരോഗ്യത്തിനു ഹാനികരമാണെന്നു അൽപ്പം വകതിരിവുള്ളവർക്കൊക്കെ അറിയാം. എന്നാലും ഈ ഉണക്കിലയുടെ അനന്യസാധാരണമായ വശീകരണ ശക്തിയിൽനിന്നു ഒഴിഞ്ഞുനിൽപ്പാൻ ത്രാണിയുള്ളവർ വളരെ വളരെ ചുരുക്കമായിട്ടേ കാണപ്പെടുന്നുള്ളു. ഇത്ര മഹിമയും പ്രചാരവും പുകയിലയ്ക്കുണ്ടായി വന്നതു സൃഷ്ടിസ്ഥിതി സംഹാര കർത്താക്കളായ ത്രിമൂർത്തികളുടെ അനുഗ്രഹവിശേഷത്താലാണെന്നു കൽപ്പിക്കുന്നതു ഒരു കമനീയമായ കവിധർമ്മം തന്നെ എന്നു ആരും സമ്മതിക്കും'' എന്നു വള്ളത്തോൾ മുഖവുര ആരംഭിക്കുന്നു. പുകയില മാഹാത്മ്യം കിളിപ്പാട്ട്വിഷയത്തിന്റെയും ഉല്ലേഖങ്ങളുടേയും നവീനത്വംകൊണ്ടും രചനയുടെ സർവ്വാംഗീണമായ രാമണീയകം കൊണ്ടും നാലാപ്പാട് നാരായണമേനോനവർകളുടെ മറ്റുകൃതികളേക്കാൾ സഹൃദയർക്ക് ഹൃദയാഗമമായിത്തീർന്നിട്ടുണ്ട്. അതിനാൽ കവന കൗമുദിയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്ന പ്രസ്തുത കൃതിയെ പ്രത്യേക പുസ്തകമാക്കിയതു ഏറ്റവും ഉചിതമായിരിക്കുന്നു. ലളിത സുകുമാരമായ ഈ കാവു പുഷ്പം നമ്മുടെ സാഹിത്യാരാമത്തിലേയ്ക്കു ഒരലങ്കാരമായിത്തീരുമെന്നുള്ള വിശ്വാസത്തോടുകൂടി, ഇതിനെ ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു

മഹാവിഷ്ണു പുകയില മുറിച്ചു വായിലിട്ട് രസിച്ചപ്പോഴേ

നീരണിച്ചിടയനു ജലദോഷത്തെപ്പോക്കാൻ
പോരുമീയിലയെന്നുതലയ്ക്കൽ പൊട്ടിച്ചുടൻ
കണ്ണിലെത്തീയാൽക്കരിച്ചിത്തിരിമൂക്കിൽവയ്ക്കേ
ത്തിണ്ണന്നുതുമ്പിപ്പോയി പൊടിതൻ വീര്യത്തിനാൽ
ഉണ്ടൊരുകാര്യം ഞാനുംകണ്ടിട്ടെന്നപ്പുത്രത്തിൻ
തുണ്ടൊരു ചുരുട്ടാക്കിക്കൗതുകാൽ വിരിഞ്ചനും
ഉണങ്ങുംചുരുളതു കത്തിച്ചുവലിച്ചുടൻ
ഗുണമുണ്ടിതുകൊള്ളാമെന്നഭിനന്ദിച്ചുത്രേ

എന്നിങ്ങനെ ത്രിമൂർത്തികളും മൂന്നുതരത്തിൽ പുകയിലയുടെ മഹത്വം അംഗീകരിച്ചു വിളംബരം ചെയ്തു എന്നതാണു കാവ്യമർമ്മം. വൈകുണ്ഠത്തിലും കൈലാസത്തിലും പുകയിലച്ചെടി സത്യലോകത്തിലെന്നപോലെ നട്ടുപിടിപ്പിച്ചുവത്രേ.

നാലാപ്പാടിനെ സംബന്ധിച്ചിടത്തോളം പുരാണ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്ഥലപുരാണങ്ങൾ നിർമ്മിച്ചു കാണുമ്പോൾ അവയെ അക്ഷരാർത്ഥത്തിൽ സ്വീകരിക്കുന്നതിനേക്കാൾ അനഭിലഷണീയത ചൂണ്ടിക്കാട്ടുകതന്നെയായിരുന്നു ഉദ്ദേശം. ഈ വസ്തുത അനുവാചകർ വേണ്ടത്ര മനസ്സിലാക്കിയില്ലെന്നു രണ്ടാം പതിപ്പിനെഴുതിയ കുറിപ്പിൽ കാവ്യകാരൻ സൂചിപ്പിച്ചിട്ടുണ്ട്. ''ദിവ്യത്വമുള്ള കഥാപാത്രങ്ങൾ ഏറക്കുറെയുള്ള ഒരു കഥയിലെ പ്രതിപാദ്യവസ്തുവിൽ ആ ഒരു കാരണത്താൽ മാഹാത്മ്യം കൽപിക്കുന്നതു കഥയില്ലായ്മയാണെന്നും സ്ഥലമാഹാത്മ്യ കൃതികളെ പാരായണം ചെയ്യുന്നവർ ഈയൊരു തത്വത്തെ അനുസ്മരിക്കേണ്ടതാണെന്നും, ചില പഴയ ഗ്രന്ഥങ്ങൾ വായിച്ചപ്പോൾ എനിക്ക് തോന്നിയതിന്റെ ഫലമാണ് ഈ പുകയില മാഹാത്മ്യം കീളിപ്പാട്ട്. എന്നാൽ ''ഇത് ഒന്നാമതായി പ്രസിദ്ധീകരിച്ച കാലത്തു ഏതു പുരാണത്തിലെ പുരാവൃത്തമാണെന്നു പരിഭ്രമിക്കുകയും പേരുകേട്ട ഒരെഴുത്തുകാരൻ നടത്തിയിരുന്ന മാസികയിൽ അതിന്റെ ഗ്രന്ഥ വിമർശകൻ പുകയിലയ്ക്കു ഈ വക മാഹാത്മ്യമൊന്നുമില്ലെന്നു ഞങ്ങൾ തീർച്ചയായും പ്രസ്താവിക്കുന്നു എന്ന് വായനക്കാരെ ഉപദേശിക്കുകയും ചെയ്തുകണ്ടപ്പോൾ മാത്രമാണ് വാസ്തവം തുറന്നു പറയുകതന്നേ ചെയ്തേ മതിയാവൂ എന്നെനിയ്ക്കു ബോധ്യമായത്. ഇതത്രേ ഈ ചെറുകുറിപ്പിനുള്ള സമാധാനം''. ഇത്തരം ഒരു ഗ്രന്ഥകാരക്കുറിപ്പ് വേണ്ടിവരുന്നത് ദൗർഭാഗ്യകരമാണെന്നു നാലാപ്പാട് സൂചിപ്പിച്ചിട്ടുണ്ട്.

ആക്ഷേപഹാസ്യമുൾക്കൊള്ളുന്ന ഒരു തുള്ളൽപ്പാട്ടാണ് ദൈവഗതി. ശ്രീരാമൻ അയോദ്ധ്യാപുരിയിൽ രാവണവധം കഴിഞ്ഞു തിരിച്ചെത്തി മാതൃകാപരമായി രാജ്യഭരണം നടത്തുന്ന കാലം. പരാതിക്കാരാരെങ്കിലും ഉണ്ടെങ്കിൽ നേരിൽ വരാമെന്നു പറഞ്ഞ ശ്രീരാമൻ സദസ്സിലിരിപ്പാണ്. സാധാരണ മട്ടിലുള്ള കാര്യവിചാരങ്ങൾക്കുശേഷം തവണക്കാരിലൊരാൾ പുറത്തുചെന്നു സങ്കടഹരജിക്കാരെ പരതുകയാണ്. അതിനിടയ്ക്കു സ്വന്തം പ്രാമാണ്യം കാണിയ്ക്കാൻ തവണക്കാർ ചിലഅഭിപ്രായ പ്രകടനങ്ങൾ നടത്തുന്നു.

വങ്കന്മാരെ വിളിച്ചാൽക്കാണി-
ല്ലെങ്കൽപ്പാടുകിടക്കും പിന്നെ
അവരുടെ സമയം നോക്കിയിരിപ്പാ
നിവനിന്നവരുടെ ശമ്പളമെന്നോ-
വേണം കരിയമെന്നുണ്ടെങ്കിൽ
ക്കാണാവുന്നേടത്തുവരട്ടേ
ഇവരെത്തേടി നടക്കാൻ പണിയിവ
നവസാനിയ്ക്കാപ്പണികൾ കിടപ്പു

സങ്കടഹരജിക്കാരാരും മുന്നോട്ടു വരുന്നില്ലെന്നറിഞ്ഞു സ്വയം ആശ്വാസം കൊള്ളുകയാണു തവണക്കാരൻ

സങ്കടമുണ്ടോ നാട്ടിൽസ്സരസിജ
മങ്ക പുണർന്നവനുലകുരിയ്ക്കേ

പല ദിക്കിലും ചെന്നു വിളിച്ചെന്നുവരുത്തി, ഹരജിക്കാരാരുമില്ലെന്നു അതിശയോക്തി കലർന്ന ഭാഷയിൽ രാജ സ്തുതി നടത്തുകയാണു. തുടർന്നു ലക്ഷ്മണൻ തന്നെ പുറത്തിറങ്ങി പരിശോധിച്ചപ്പോൾ പരവശനിലയിൽ ഒരു പട്ടി ചോര പുരണ്ടു കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടു.

പരവശഭാവമിയന്നതിയായി
ട്ടരയും മെയ്യും ചോരയിൽമുഴുകി
കാലുകളും നാലും നീണ്ടകഴുത്തും
വാലുളളവ'ധം നീട്ടി മയങ്ങി
പാവമൊരെച്ചിൽപട്ടി കിടപ്പു-
ണ്ടേവനുമുളളലിവുണ്ടാംകണ്ടാൽ
ചത്തിട്ടില്ലതു ചുങ്ങിയവയറിന
കത്തിത്തിരി യൊരിളക്കം കാൺമൂ.

ലക്ഷ്മണൻ പട്ടിയുടെ വിവരം തിരക്കി. രാജസന്നിധിയിലെത്തിയാൽ കാര്യങ്ങൾ തുറന്നു പറയുമെന്നായി പട്ടി. ചക്കിളിനായിക്ക് അഹങ്കാരം കൂടുന്നു എന്നായി ചിലർ. ഏതായാലും പട്ടിയെ തിരുസന്നിധിയിലെത്തിച്ചു. പട്ടി ചെന്നെത്തേണ്ട താമസം മഹാരാജാവു ആരായുകയാണ്, പരവശതയ്ക്കു കാരണമെന്തെന്ന്. ചില സദസ്യർക്കു ഈ നടപടി നല്ല കീഴ്വഴക്കത്തിന്നാകില്ലെന്നു തോന്നി. ഔദാര്യവും സമചിത്തബോധവും കാടുകയറുകയല്ലേ എന്നാണവർക്കുപേടി. ഒരു ബ്രാഹ്മണയുവാവാണു തന്റെ മുതുകെല്ല് തച്ചൊടിച്ചതെന്നും അയാൾ അകലെ നിൽപ്പുണ്ടെന്നും പട്ടി രാജസന്നിധിയിൽ പറഞ്ഞു. നാലു ഭടൻമാർ ഓടിച്ചെന്നു ബ്രാഹ്മണ യുവാവിനെ സദസ്സിൽ ഹാജരാക്കി. അയാൾ ഉണ്ടായ സംഭവം വിവരിച്ചു. ഭക്ഷണത്തിന്നുവേണ്ടി നടക്കുന്നവേളയിൽ ഈ പട്ടി വിലങ്ങടിച്ചു കിടക്കുന്നതു കണ്ടു ഒന്നു തല്ലി. അപ്പോൾ മുതുകെല്ലിനു കേടുപറ്റിപ്പോയതാണെന്നും ബ്രാഹ്മണ യുവാവു വിശദീകരണം നൽകി. നായ് എണീറ്റു പറഞ്ഞു ബ്രാഹ്മണകുമാരനു ദേവസ്വം ഭരണം ഏൽപിച്ചാൽ താൻ തൃപ്തനാകുമെന്നു. ഇതിനൊരു വിശദീകരണവും പട്ടികൊടുത്തു. താൻ മുൻജൻമത്തിൽ ദേവസ്വം ഭരണം നടത്തി അഴിമതി നടത്തിയതിന്നുള്ള ശിക്ഷ അനുഭവിച്ച കാര്യം സൂചിപ്പിച്ചു എന്നേ ഉള്ളൂ.

അടിയനു കഴിഞ്ഞ ജൻമത്തിലെ ജോലിയാൽ
കൊടിയൊരഴലിതിയും വന്നുകൂടിലയോ

ദേവസ്വം നടത്തിപ്പുകാരുടെ സർവ്വസാധാരണമായ അഴിമതികളുടെ ദുസ്സഹാവസ്ഥയിലെക്കാണു നാലാപ്പാടൻ വിരൽ ചൂണ്ടിയത്.

കുട്ടികൃഷ്ണമാരാരാണു കൃതിയ്ക്കു അവതാരിക എഴുതിയത്. ''ഈ കൃതി വേണ്ടുവോളം ഭാഗ്യശാലിയായെന്നു പറയാൻ വയ്യ. ശ്രീ മഹാവിഷ്ണുവിന്റെ ഏഴാമത്തെ അവതാരമായ ശ്രീ രാമചന്ദ്രൻ തിരുവടിയുടെ നലം തികഞ്ഞ നാടുവാഴ്ചയെ വർണിക്കുന്ന ഈ കാവ്യത്തെ തുള്ളൽകാവ്യങ്ങളുടെ ജന്മവൈകാരമനുസരിച്ചു നമ്മുടെ അമ്പലങ്ങളുടെ മതിലകത്തുവെച്ചു പാടിതുള്ളിക്കളിപ്പാൻ കരളുറപ്പുള്ള ഒരു തുള്ളൽക്കാരനെ കണ്ടുകിട്ടാൻ വിഷമമുണ്ടാവും. എന്നോ മരിച്ചുപോയ ഇതിഹാസപുരുഷന്മാരെയും എങ്ങാനുമുള്ള ഈശ്വരന്മാരെയും പരിഹസിക്കുന്നതുപോലെയല്ലല്ലോ പ്രത്യക്ഷമൂർത്തികളായ മനുഷ്യേശ്വരന്മാരെ പരിഹസിക്കുന്നത്''.

എമ്പ്രാനൽപം കട്ടുഭുജിച്ചാ
ലമ്പലവാസികളൊക്കെ ക്കക്കും

എന്നു കുഞ്ചൻ നമ്പ്യാർ പെരുതായി ജീവനക്കാരെ വിമർശിച്ചിരിക്കാം. അതുപോലെയാവില്ല ദേവസ്വം ബോർഡു ചുമതലക്കാരുടെ അനുഭവം മുതുകെല്ലൊടിഞ്ഞ പട്ടിയുടേതാകുമെന്നു പ്രഖ്യാപിക്കുന്നത്. പരിഹാസത്തിനു പുതുമയുണ്ട്. കവിയ്ക്കു തികഞ്ഞ ലക്ഷ്യബോധമുണ്ട്.